File No. DT/4815/2019-C1

ഭരണ ഭാഷ - മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ
തിരുവനന്തപുരം.33

നമ്പർ. ഡി.റ്റി/4815/19- സി1
തീയതി 25.10.2019

<u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ്- 2019 അഡ്മിഷൻ നേടിയ ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നത് - - സംബന്ധിച്ച്.

സൂചന:-1. DGT യിൽ നിന്നുള്ള അഡ്മിഷൻ നേടിയ ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നത് സംബന്ധിച്ച സമയക്രമ പട്ടിക.

2. 05.10.2019 തീയതിയിലെ ഡി.റ്റി/4518/19-സി1(1), ഡി.റ്റി/4815/19-സി(2) നമ്പരായ നടപടിക്രമങ്ങൾ

----------

മേൽ സൂചന (1) പ്രകാരം 2019 ആഗസ്റ്റ് സെഷനിൽ അഡ്മിഷൻ നേടിയ ട്രെയിനികളുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ നേരിട്ട് എം ഐ എസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യാം. ഇതിനായി പ്രത്യേകം ലിങ്ക് പോർട്ടൽ മുഖേന ഡി.ജി.റ്റി പ്രിൻസിപ്പാൾമാർക്ക് നൽകുന്നതാണ്. ടി ലിങ്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പ്രിൻസിപ്പാൾമാർ പോർട്ടലിൽ പരിശോധിക്കേണ്ടതാണ്.

ലിങ്ക് പ്രിൻസിപ്പാൾമാർക്ക് ലഭിച്ചാലും ട്രെയിനികളുടെ വിവരങ്ങൾ അപ്പോൾത്തന്നെ അപ്‌ലോഡ് ചെയ്യരുത്. പോർട്ടൽ മുഖേന ഡൗൺലോഡ് ചെയ്ത് ലഭിക്കുന്ന ടെംപ്ലേറ്റിൽ ട്രെയിനികളുടെ വിവരങ്ങൾ തയ്യാറാക്കി അഡ്മിഷൻ ക്ലോസ്സ് ചെയ്യുന്നതിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. ടി ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷമേ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാവൂ. ടി നടപടികൾ 30.10.2019 ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്. കൂടാതെ അപ്‌ലോഡ് ചെയ്ത ശേഷം ലഭിക്കുന്ന പ്രിന്റൗട്ട് അഡ്മിഷൻ ക്ലോസ്സ് ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്. ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഐ.ടി.ഐയിൽ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

അഡീഷണൽ ഡയറക്ടർ

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

ആർ.വി 25.10.19